പിരിച്ചുവിടപ്പെട്ട പയൽസ്കൂൾ അദ്ധ്യാപകർ

* 233 [833] ശ്രീ. പി. വി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടമെൻറിന്റെ കീഴിൽ ഉണ്ടായിരുന്ന പയൽസ്കൂളുകളിലെ അദ്ധ്യാപകരെ പ്രസ്തുത സ്കൂളുകൾ നിറുത്തൽ ചെയ്തതിന്റെ പേരിൽ ഗവണ്മെൻറു പിരിച്ചുവിടുകയുണ്ടായോ;

(ബി) പ്രസ്തുത അദ്ധ്യാപകരിൽ രണ്ടുവർഷം സർവ്വീസുള്ളവരെ പ്രായപരിധിയിൽ നിന്നും, ടി. ടി. സി. പരീക്ഷയിൽ നിന്നും ഒഴിവാക്കി ഉത്തരവു് കൊടുത്തിട്ടുണ്ടോ;

(സി) ഇവർക്കു് പി. എസ്. സി. ക്കു് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അനുമതി ഈ ഉത്തരവുമൂലം നൽകിയിരുന്നുവോ;

(ഡി) പി. എസ്. സി. യിൽ നിന്നും നിയമനം ലഭിക്കാതെ വന്നിട്ടുള്ളവർ ഇനിയും അവശേഷിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ടായി.

(ബി) ഉണ്ടു്.

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിക്കുന്ന അവസരത്തിൽ ഇത്തരം അദ്ധ്യാപകർക്കും അപേക്ഷകൾ സമർപ്പിക്കാമെന്നു് പ്രസ്തുത ഓർഡറിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

(ഡി) ഇല്ല.

ഫാക്കംഫോസു്

* 234 [835] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ;

(എ) എഫ്. എ. സി. ടി. യുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ ഫാക്കംഫോസു് എന്നുമുതലാണു് വിപണിയിൽ ഇറങ്ങിയതു്;

(ബി) മറ്റു വളങ്ങളെ അപേക്ഷിച്ചു് ഈ വളത്തിനുള്ള പ്രത്യേകതകൾ എന്തെല്ലാമാണു്?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്):

(എ) 1969 സെപ്തംബർ 8-ം- മുതൽ.

(ബി) ഈ വളത്തിൽ ചെടിയുടെ വളർച്ചക്കും ഉൽപ്പാദനത്തിനും ആവശ്യമായ ഭാവഹവും പാകൃജനകവും ഒരേ അളവിൽ ലഭിക്കുന്നു. മറ്റു വളങ്ങളെ അപേക്ഷിച്ചു നിശ്ചിത അളവിൽ കൂടുതൽ ജീവകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ജീവകപ്രധാനമായ ഈ വളത്തിന്റെ മൂല്യവില നേരത്തെ നിലവിലുണ്ടായിരുന്ന ഫാക്കംഫോസിനേക്കാൾ കുറവാണു്.

LIBRARY ARCHIVES Kerala Legislative Assembly

9 a.m.]

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ഒരു സബ്മിഷൻ. ഈ നിയമ സഭയിൽ നല്ല കീഴ്വഴക്കങ്ങൾ സൃഷ്ടിക്കേണ്ടതു് സഭയുടെ കാര്യക്ഷമമായ നടത്തിപ്പിനു് ആവശ്യമാണു്. ബഹുമാനപ്പെട്ട സ്പീക്കറുടെ പേരിൽ അവിശ്വാസ പ്രമേയത്തിനു് നോട്ടീസ് നൽകിയപ്പോൾ അദ്ദേഹം നല്ല കീഴ്വഴക്കം സൃഷ്ടിച്ചുകൊണ്ടു് സഭയിൽ നിന്നു് മാറിനിൽക്കുകയാണു് ചെയ്തതു്. എന്നാൽ വ്യക്തമായ അഴിമതിയാരോപണത്തിനു വിധേയനായ ഒരു മന്ത്രി ഈ സഭയിൽ ഇരിക്കുകയാണു്. മാത്രമല്ല, അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കണമെന്നുള്ള ഒരു പ്രമേയം ഇവിടെ.....

(ബഹളം)

.....ശ്രീ വെല്ലിംഗ്ടന്റെ പേരിൽ ആരോപണമുണ്ടായിരിക്കുമ്പോൾ....

(ബഹളം)

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, വ്യക്തമായ.....

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കീഴ്വഴക്കങ്ങളുണ്ടാക്കണമെന്നു പറയുന്നവർ നല്ല കീഴ്വഴക്കങ്ങളുണ്ടാക്കണം.

ശ്രീ. ഇ. ജോൺ ജേക്കബ്: ഈ സഭയിൽ.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. മാറി നിൽക്കുന്നതും മറ്റും അവരവർ ആലോചിക്കേണ്ട കാര്യം മാത്രമാണു്.

ശ്രീ. ഇ. അഹമ്മദ്: സർ, എനിക്കു് ഒരു കാര്യം പറയാനുണ്ടു്. ഇന്നത്തെ സമ്മേളനത്തിലേക്കുള്ള അജണ്ട മുതലായ കടലാസുകൾ ഇന്നലെ രാത്രി വളരെ വൈകിയിട്ടാണു് ഞങ്ങൾക്കു കിട്ടിയതു്. ഇവിടെ വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണം നടക്കുകയാണു്. ആ അവസരത്തിൽ ഭേദഗതികളും മറ്റും രാത്രി പത്തുപത്തരമണി കഴിഞ്ഞശേഷം കിട്ടിയാൽ ഞങ്ങൾക്കു് ചർച്ചകൾക്കു തയ്യാറെടുക്കുക വിഷമമാണു്. പാർട്ടി മെംബർമാർ തമ്മിൽ ചർച്ചചെയ്യാനും അതനുസരിച്ചു നിലപാടു സ്വീകരിക്കാനും സമയം കിട്ടുന്നില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ മെംബർമാർക്കാവശ്യമായ പേപ്പറുകൾ നേരത്തെ കിട്ടുന്നതിനു നടപടികൾ എടുക്കണം. ഇക്കാര്യത്തിൽ നിയമസഭാസെക്രട്ടേറിയറിനു് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അതു് പരിഹരിക്കണം.

ഡെപ്യൂട്ടി സ്പീക്കർ: രാത്രി 8 മണിവരെ ഭേദഗതികൾ കൊടുത്തിട്ടുണ്ടു്. ഈ സഭയിലെ ഒരംഗം രാത്രി 8 മണിക്കു് അമെൻഡ്മെൻറു കൊടുത്താൽ അതു സ്വീകരിക്കുകയില്ലെന്നു പറയാൻ നിയമസഭാ സെക്രട്ടേറിയറിനു ബുദ്ധിമുട്ടുണ്ടു്. ഇന്നു മുതൽ 3 മണിക്കുശേഷം കൊടുത്താൽ സെക്രട്ടേറിയറു് സ്വീകരിക്കുകയില്ല. 3 മണിക്കുമുമ്പു കൊടുത്താൽ അതു ക്രോഡീകരിച്ചു 7 മണിക്കുമുൻപു് കവർ എല്ലാ മെംബർമാർക്കും കൊടുക്കാൻ സാധിക്കും. അതുകൊണ്ടു ഭേദഗതികൾ 3 മണിക്കു മുൻപു് കൊടുത്താലെ സാധിക്കൂ.

ശ്രീ. ഇ. ജോൺ ജേക്കബ്: 5 മണിവരെ സ്വീകരിക്കുമെന്നു നിശ്ചയിക്കണം.

ഡെപ്യൂട്ടി സ്പീക്കർ: അതു സെക്രട്ടേറിയറിനു ബുദ്ധിമുട്ടുണ്ടാക്കും. റൂൾസിൽ വ്യക്തമായി പറയുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. തോമസ്: ഗ്രഡല്ലൂരിൽ നിന്നു മലയാളികളെ കുടിയിറക്കുന്നതു സംബന്ധിച്ചു് 29-ാം തീയതി അടിയന്തിരപ്രമേയത്തിനു് നോട്ടീസു് തന്നതിനു് മറുപടി പറഞ്ഞപ്പോഴും, മദ്രാസു് മുഖ്യമന്ത്രിയുമായി സമ്പർക്കം പുലർത്തി വേണ്ടതു ചെയ്യാമെന്നു പറഞ്ഞിരുന്നു. എന്തു നടപടി സ്വീകരിച്ചുവെന്നറിഞ്ഞാൽ കൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: അന്വേഷിച്ചു മറുപടി പറയും.

ശ്രീ. കെ. എം. മാണി: സർ, ശ്രീ. ഇ. ജോൺ ജേക്കബു് ഇവിടെ തന്റെ സബ്മിഷനിലൂടെ പ്രതിഷേധം രേഖപ്പെടുത്തിയപ്പോഴും, സഭയിൽനിന്നു ഒഴിഞ്ഞു നിൽക്കുന്നതും നിൽക്കാതിരിക്കുന്നതും ഓരോരുത്തരുടേയും വ്യക്തിപരമായ സ്വാതന്ത്ര്യമാണെന്നു അങ്ങു പറഞ്ഞു. ലിഖിതമായ നിയമങ്ങൾക്കൊപ്പംതന്നെ ശക്തിയും പ്രാബല്യവുമുള്ള ചില കീഴ്വഴക്കങ്ങളും ഉള്ളപ്പോഴും ആ കീഴ്വഴക്കങ്ങളനുസരിച്ചു് ശ്രീ. വെല്ലിംഗ്ടൻ ഒന്നുകിൽ രാജിവെയ്ക്കുകയോ അല്ലെങ്കിൽ വകുപ്പുകൾ മറ്റാർക്കെങ്കിലും..... .....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. കെ. അബു: ഒരു മന്ത്രിയുടെ.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. സ്പീക്കർ എഴുന്നേറ്റു നില്ക്കുമ്പോഴും, ഒരു പാർട്ടിയുടെ നേതാവു് ഇതുപോലെ പെരുമാറുന്നതു ശരിയല്ല.

2. ADJOURNMENT MOTION

LATHI CHARGE BY POLICE ON THE STUDENTS AND PUBLIC OF PALLIPURAM IN TRIVANDRUM

ഡെപ്യൂട്ടി സ്പീക്കർ: പള്ളിപ്പുറം എന്ന സ്ഥലത്തു വിദ്യാർത്ഥികളുടെ നേരെ പോലീസു് നടത്തിയ ലാത്തിച്ചാർജിനെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യുന്നതിനു സഭാനടപടികളും നിറുത്തിവെയ്ക്കണമെന്നു കാണിച്ചുകൊണ്ടു് സർവശ്രീ എം. ഹക്കിംജി, പി. എം. അബൂ ബേക്കർ, ടി. എ. മജീദ്, കെ. കരുണാകരൻ എന്നിവർ നോട്ടീസു നൽകിയിട്ടുണ്ടു്. മിനിസ്റ്റർക്കു് എന്താണു് പറയുവാനുള്ളതു്?

ശ്രീമതി കെ. ആർ. ഗൗരി: 29-9-1969-ൽ പള്ളിപ്പുറത്തു് കുറെ കോളേജു് വിദ്യാർത്ഥികളും നാട്ടുകാരും എല്ലാം ചേർന്നു്, അവിടെ ബസു് കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് സത്യാഗ്രഹത്തിനു് ഒരുങ്ങുകയും പോലീസു് ഇൻസ്പെക്ടർ അവിടെ പോയി, വേണ്ട നടപടി എടുത്തുകൊള്ളാമെന്നു പറഞ്ഞു് അവരെ പറഞ്ഞുവിടുകയും ചെയ്തതായി കാണുന്നു. പക്ഷെ ഇന്നലെ പത്തിരുന്നൂറാളുകളും ചേർന്നു് ലക്ഷ്മണൻ വൈദ്യൻ, അസനാരുപിള്ള, ശ്രീകുമാരൻ ഇങ്ങനെ കുറെ ആളുകളുടെ നേതൃത്വത്തിൽ റോഡിൽ കുത്തിയിരിപ്പു സത്യാഗ്രഹം നടന്നു. തെക്കുനിന്നും വടക്കുനിന്നും വണ്ടി വന്നതോടുകൂടി അവർ മാറികൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് പോലീസു അവിടെ ചെല്ലുകയും 38 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുള്ളതായാണു് കാണുന്നതു്. അതിനുശേഷം ഈ ആളുകളും പോലീസുകാരെ കല്ലെറിയുകയും ചെയ്തു. മുഴുവൻ വിവരവും വായിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. അതു മുഴുവൻ വായിക്കുവാൻ സമയം കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: പൂർണ്ണവിവരം കിട്ടിയിട്ടു് നാളെ മറുപടി പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly